**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1027** **30-11-2018-ലെ മറുപടി**

**ജലസ്രോതസ്സുകളുടെ മലിനീകരണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. എ. എൻ. ഷംസീർ**<br>**പ്രൊഫ.കെ.യു. അരുണൻ**<br>**ശ്രീ. വി. ജോയി**<br>**ശ്രീ. സി.കെ. ഹരീന്ദ്രൻ** | | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | ജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനും ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിനും കേന്ദ്രീകൃത ജലശുദ്ധീകരണ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയാണ് ജനങ്ങളിലെത്തിക്കുന്നത്. നിലവിൽ സ്രോതസ്സിന്റെ ലഭ്യതയ്ക്കനുസരിച്ച് ഒന്നിൽ കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള കേന്ദ്രീകൃത പദ്ധതികളാണ് വാട്ടർ അതോറിറ്റി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. ധനലഭ്യതക്കനുസരിച്ച് ഇപ്രകാരം ആവശ്യമായ എല്ലാ പ്രദേശങ്ങളിലേയ്ക്കും കുടിവെള്ള സ്രോതസ്സ് ഉറപ്പാക്കി കേന്ദ്രീകൃത ജലശുദ്ധീകരണശാലയോടുകൂടിയ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (ബി) | കിണറുകളിലും മറ്റു ജലസ്രോതസ്സുകളിലും അപകടകരമായ രീതിയിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യമുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കേരളത്തിലെ പ്രധാന കുടിവെള്ള സ്രോതസ്സായ കിണറുകളിലെ ജലത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുതലാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ എന്തെല്ലാം ശിക്ഷ നടപടികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ ജലമലിനീകരണ നിയന്ത്രണ നിയമം - 1974, കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം 2018, കേരള ഭൂജല നിയന്ത്രണവും, ക്രമീകരണവും ആക്ട് 2002 സെക്ഷൻ 15 സബ്സെക്ഷൻ (ജെ) എന്നിവ പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം 2018 പ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് ഒരു വർഷത്തിൽ കുറയാത്തതും മൂന്നു വർഷത്തിൽ അധികരിക്കാത്തതുമായ തടവും, പരമാവധി രണ്ടു ലക്ഷം രൂപവരെ പിഴയും ചുമത്താവുന്നതാണ്. ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലാണ് കേസ് നടത്തിപ്പിന് അധികാരമുള്ളത്. |

സെക്ഷൻ ഓഫീസർ